## (83.) തേക്കുതോട് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

പത്തനംതിട്ട ജില്ലയിൽ കിഴക്ക് സഹ്യാദ്രിസാനുക്കളുടെ മടിത്തട്ടിൽ ഘോരവനത്തിനുള്ളിൽ ഇരുപതോളം ചതുരശ്ര കിലോ മീറ്റർ വിസ്തൃതിയുള്ള ഒരു ഗ്രാമമാണ് തേക്കുതോട്. അസംഘടിതരും എന്നാൽ ദാരിദ്ര്യം അനുഭവിക്കുന്നവരും ജീവിതോപാധിക്കായി കഠിനാധ്വാനം ചെയ്യുന്നവരുമായ ഇവിടുത്തെ ജനങ്ങൾ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും കുടിയേറി പാർത്തിട്ടുള്ളവരാണ്. ഭൂപ്രകൃതിയിൽ മലകളും കുന്നിൻ ചരിവുകളും കല്ലും മുള്ളും കൊണ്ടു നിറഞ്ഞ ഈ പ്രദേശത്ത് വേണ്ടത്ര റോഡുകളോ മറ്റു ഗതാഗതസൌകര്യങ്ങളോ ഉണ്ടായിരുന്നില്ല. കാൽനടയോ ജീപ്പുയാത്രയോ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഈ സാഹചര്യത്തിൽ മലയോര മേഖലയിലെ വിശ്വാസി സമൂഹത്തിന് ഒരു ആരാധനാലയം വേണമെന്ന ആശയം ഉടലെടുക്കുകയും, അതേ തുടർന്ന് 1961 ഡിസംബർ 12 ന് ഭാരതത്തിന്റെ അപ്പോസ്തോലനായ വിശുദ്ധ തോമാശ്ലീഹായുടെ നാമധേയത്തിൽ ഒരു ദൈവാലയം കരിമാൻതോട്ടിൽ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനി സ്ഥാപിക്കുകയും ചെയ്തു. അതിനുശേഷം 1973 ൽ തേക്കുതോട് മുഴിയിൽ പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ ഒരു കുരിശടി പണി കഴിപ്പിക്കുവാനിടയായി.

കാനനപാതയിലൂടെയുള്ള യാത്രാ ക്ലേശം രൂക്ഷമായതോടെ തേക്കുതോട്ടിലെ വിശ്വാസികൂട്ടായ്മയ്ക്ക് ഒരു ദൈവാലയം എന്ന ആശയം ഉയരുകയും, ഇതിനായി സ്ഥലം കണ്ടെത്തുകയും ബഹു. ജോൺ കുരിയേടത്തിൽ അച്ചൻ കരിമാൻതോട് ദൈവാലയ വികാരിയായിരുന്ന കാലത്ത് ഈ സ്ഥലം വാങ്ങുകയും ചെയ്തു. അതിനുശേഷം ബഹു. അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചൻ വികാരിയായി നിയമിതനാവുകയും ദൈവാലയപണികൾക്ക് തറക്കല്ലിടുകയും ചെയ്തു.

വിശ്വാസികളുടെ തീക്ഷ്ണമായ കഠിനാധ്വാനത്തിന്റെയും പ്രയത്നത്തിന്റെയും അതിലുപരി പ്രാർത്ഥനയുടെയും ഫലമായി ഏകദേശം മുക്കാൽ ഭാഗത്തോളം പണികൾ പൂർത്തീകരിച്ച വേളയിൽ ഫാ.അഗസ്റ്റിൻ പുലിമുറ്റത്ത് സ്ഥലമാറ്റം ഉണ്ടാവുകയും തുടർന്ന് വികാരിയായി വന്ന ഫാ.ജോർജ്ജ് ചരുവിള ദൈവാലയപണി പൂർത്തീകരിക്കുകയും ചെയ്തു. ആത്മീകവും ഭാതികവുമായ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അച്ചൻ പ്രവർത്തിച്ചതിന്റെ ഫലമായി 35-ഓളം കുടുംബങ്ങൾ ഉള്ള ഒരു ഇടവകയായി ഈ ദൈവാലയം മാറുകയാണുണ്ടായത്.

1993 മാർച്ച് 9 ന് ഭാഗ്യസ്മരണാർഹനായ ആർച്ചു ബിഷപ്പ് ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ തൃക്കരങ്ങളാൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ തേക്കുതോട് ദൈവാലയം ആശീർവദിച്ച് ഇടവക ജനത്തിന് നൽകുകയുണ്ടായി. ഭക്തിജീവിതത്തിന്റെയും വിശ്വാസ ചൈതന്യത്തിന്റെയും പ്രഭ ഉൾക്കൊണ്ടു കൊണ്ട് ജാതി, മത ഭേദം ഇല്ലാതെ വ്യത്യസ്ത മത വിശ്വാസികളും ഇതരസഭാ വിശ്വാസികളും യാതൊരുവിധ അതിർവരമ്പുകളുമില്ലാതെ അനേകരുടെ ആശാക്കേന്ദ്രമായ ഈ ദൈവാലയത്തിൽ വേദനകളും കണ്ണീരും സന്താപവുമൊക്കെ സമർപ്പിച്ച് പരിശുദ്ധ അമ്മയുടെ അനുഗ്രഹം ആവോളം സ്വീകരിക്കാനിടയായി. വിശ്വാസജീവിതം അർത്ഥപൂർണ്ണവും സജീവവും ആക്കുന്നതിന് ആദ്യകാല നേതൃത്വം കൈക്കൊണ്ട ത്യാഗോജ്വലമായ പ്രവർത്തനങ്ങളുടെയും വിശ്വാസത്തിന്റെയും പ്രത്യാശയുടെയും പ്രാർത്ഥനയുടെയും ഫലമായി വിവിധ ഭക്തസംഘടനകൾ രൂപം കൊണ്ടു. ഇടവകയുടെ ഭാവി തലമുറയെ യഥാർത്ഥ സഭാ പൗരന്മാരായി വാർത്തെടുക്കുവാൻ വിശ്വാസ പരിശീലനപ്രസ്ഥാനം ക്രമീകൃതവും കാര്യക്ഷമവുമാക്കി.

അതോടൊപ്പം തന്നെ ഇടവകയിലെ യുവതീയുവാക്കളെ സംഘടിപ്പിച്ച് മലങ്കര കാത്തലിക് യൂത്ത് മുവ്മെന്റ് (എം.സി.വൈ.എം) യൂണിറ്റ് ആരംഭിക്കുകയും ചുറുചുറുക്കുള്ള യുവജനങ്ങൾ ഇടവകയുടെ പുരോഗതിയ്ക്ക് ആവശ്യമായ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുകയും ചെയ്യുന്നു. ദിവ്യബലിയിലും മതബോധന ക്ലാസ്സുകളിലും ആത്മാർത്ഥമായി പങ്കെടുത്ത് ആത്മീയ ചൈതന്യം ഉൾക്കൊണ്ട് ഈ ഇടവകയിലെ അനേക യുവതിയുവാക്കൾ ലോകത്തിന്റെ പലഭാഗങ്ങളിലും ജോലി ചെയ്തുകൊണ്ട് പരിശുദ്ധ അമ്മയുടെ

നാമധേയത്തിൽ പണിത ഈ ദൈവാലയത്തിനുവേണ്ടി ആത്മാർത്ഥമായ സഹായസഹകരണങ്ങൾ നൽകി സഹകരിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾ എന്നും ഈ ഇടവകയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

ഇടവകയിലെ മുതിർന്നവരെ സംഘടിപ്പിക്കുകയും നാല് ഭാഗങ്ങളിലായി പ്രാർത്ഥനാഗ്രൂപ്പുകൾ ആരംഭിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അച്ചന്മാരുടെയും സിസ്റ്ററിന്റെയും നേതൃത്വത്തിൽ സ്ത്രീസമാജം രൂപീകരിച്ചു. വൈദികജില്ലാ- അതിരൂപതാ തലങ്ങളിലെ വിവിധ സെമിനാറുകളിലും സമ്മേളനങ്ങളിലും പ്രതിനിധികളെ സംഘടിപ്പിക്കുകയും ചെയ്തു. അമ്മമാരുടെ ആത്മീയ ഉന്നമനത്തിനും വളർച്ചയ്ക്കുമായി ഈ പ്രാർത്ഥനാകൂട്ടായ്മ പ്രയോജനമായി. അൽമായ പ്രേഷിത പ്രവർത്തനങ്ങളുടെയും പാവങ്ങളുടെ ഉന്നമനത്തിന്റെയും ഭാഗമായി മലങ്കര കാത്തലിക് അസ്സോസിയേഷൻ (എം.സി.എ), വിൻസെന്റ് ഡി പോൾ എന്നീ സംഘടനകൾ പ്രവർത്തിച്ചു വരുന്നു.

ഈ ഇടവകയുടെ ആരംഭം മുതൽ ഒരു ഭാഗമായി മാറിയ മേരീമക്കൾ സന്യാസിനി സമൂഹത്തിലെ ബഹു.സിസ്റ്റേഴ്സ് ഇടവകയുടെ ആത്മീയവും ഭൗതികവുമായ പുരോഗതിക്കുവേണ്ടി അക്ഷീണം പരിശ്രമിച്ചു കൊണ്ടേയിരിക്കുന്നു. അവരുടെ സേവനങ്ങൾ ഈ ഇടവകയ്ക്കും സഹോദര ഇടവകകൾക്കും ഒരു മുതൽക്കൂട്ടാണ്.

ഈ ഇടവകയിൽ നിന്നും മൂന്ന് ദൈവവിളികൾ ഉണ്ടായി എന്നത് പ്രത്യേകം അഭിമാനിക്കാവുന്ന ഒന്നാണ്. ഇടവകാംഗങ്ങളായ ഫാ.ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി, സി.പ്രിൻസി സേവ്യർ മണലേൽ ഡി.എം, സി.നവീൻ ഫ്രാൻസിസ് കോട്ടയ്ക്കൽ ഡി.എം.എന്നിവരുടെ സേവനങ്ങൾ സഭയ്ക്കും ഇടവകയ്ക്കും ആധ്യാത്മികനേട്ടവും അതിലുപരി ഇടവകാംഗങ്ങൾ അഭിമാനവും ആനന്ദവും പകരുന്നതുമാണ്.

ഇടവക മധ്യസ്ഥയായ പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനോടനുബന്ധിച്ച് എട്ടുനോമ്പാചരണവും ഇടവക തിരുനാളും ഭക്തസംഘടനകളുടെ വാർഷികവും തിരുനാൾ റാസയും മറ്റ് ആഘോഷപരിപാടികളും ഭക്തിസാന്ദ്രമായും മാതൃകാപരവുമായി നടത്തി വരുന്നു.

ദൈവാലയത്തിന്റെ അടിസ്ഥാന സൗകര്യങ്ങളിലൊന്നായ സെമിത്തേരിയുടെ അഭാവം ഇടവക വിശ്വാസികളിൽ നന്നേ അസൗകര്യം സൃഷ്ടിക്കുകയും, ശവസംസ്കാര ആവശ്യങ്ങൾക്കായി കരിമാൻതോട് ദൈവാലയത്തെ ആശ്രയിക്കുകയും ചെയ്തിരുന്നു. ഇക്കാരണത്താൽ ബഹു.ആന്റോ കണ്ണംകുളം അച്ചൻ വികാരിയായിരുന്ന 2001 കാലഘട്ടത്തിൽ സെമിത്തേരിക്കുള്ള പ്രാരംഭപണികൾ ആരംഭിച്ചു. പിന്നീട് (2002) വികാരിയായി വന്ന ബഹു. ജോൺസൺ പുതുവേലിൽ അച്ചൻ പണികൾ പൂർത്തീകരിക്കുകയും അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് പിതാവ് കൂദാശാകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

വൈദികരുടെ വിശ്രമ ആവശ്യത്തിനും മറ്റ് ഓഫീസ് പ്രവർത്തനങ്ങൾക്കുമായി പള്ളിയോടു ചേർന്ന് ഒരു കെട്ടിടം നിർമ്മിക്കുവാൻ തീരുമാനമുണ്ടാവുകയും റവ.ഫാ.മാത്യു കാലായിൽ വികാരിയായിരുന്ന 2004 - 2005 കാലഘട്ടത്തിൽ ഓഫീസ് കെട്ടിടത്തിന്റെ പണികൾ പൂർത്തീകരിക്കുകയും കൂദാശാകർമ്മം നിർവ്വഹിക്കുകയും ചെയ്തു.

ഇടവക ജനത്തിന് പരിശുദ്ധ അമ്മയോടുള്ള ആഴമായ ഭക്തി മനസ്സിലാക്കി ബഹു.ഡാനിയേൽ പുവണ്ണത്തിൽ വികാരിയായിരുന്ന 2007 - 2008 കാലഘട്ടത്തിൽ ദൈവാലയത്തോടു ചേർന്ന് പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം സ്ഥാപിക്കുകയും മോൺ.സാമുവേൽ കാട്ടുകല്ലിൽ കൂദാശാകർമ്മം നിർവ്വഹിക്കുകയും ചെയ്തു. നാനാജാതിമതസ്ഥർ ഇന്നും നിറകണ്ണുകളോടെ ഇവിടെ പ്രാർത്ഥിച്ചു വരുന്നു.

ഇടവകയുടെ സാമ്പത്തിക ഭദ്രതയുടെ ആവശ്യത്തിനായി ബഹുമാനപ്പെട്ട ഫാ.വർഗീസ് കാലായിൽ വടക്കേതിൽ വികാരിയായിരുന്ന 2015 - 2016 കാലയളവിൽ പള്ളിയോടു ചേർന്ന് 40 സെന്റ് ഭൂമി വാങ്ങുവാനിടയായി.

ബാല്യം മുതൽ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും ദൈവജനത്തെ വിശ്വാസത്തിൽ വളർത്തുന്ന വിശുദ്ധ കൂദാശകളായ മാമ്മോദീസാ, സൈ്ഥര്യലേപനം, വി.കുർബാന, വി.കുമ്പസാരം, രോഗീലേപനം, വിവാഹം എന്നവയിലൂടെ വിശ്വാസികൾക്ക് ആത്മീയ അടിത്തറ ലഭിക്കുന്ന ഏകസ്ഥലം ഇടവക ദൈവാലയമാണ്. കൂദാശകളുടെ പരികർമ്മം, വിശ്വാസപരിശീലനം, പ്രാർത്ഥനാകൂട്ടായ്മകൾ, യുവജന, അൽമായ, മാതൃസംഘ പ്രവർത്തനങ്ങൾ, സഭാതല പ്രവർത്തനങ്ങൾ, കൂടാതെ ആത്മീയ-ഭൗതിക മേഖലകളിലും കുട്ടികൾ മുതൽ മുതിർന്നവർ വരെ എല്ലാവരേയും ഒരുപോലെ പ്രവർത്തന സജ്ജരാക്കി ആദ്ധ്യാത്മീകതയിൽ ഉറച്ച് നിന്നുകൊണ്ട് തങ്ങളുടെയും ഇടവകയുടെയും, പൊതുസമൂഹത്തിന്റെയും സമഗ്ര പുരോഗതി ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ ഇന്ന് ഈ ഇടവക ദൈവാലയത്തിന് സാധിക്കുന്നു.

ഈ ഇടവകയുടെ പുരോഗതിക്കുവേണ്ടി അഹോരാത്രം പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത് മൺമറഞ്ഞുപോയ നമ്മുടെ പൂർവ്വപിതാക്കന്മാർ, സഭാ പിതാക്കന്മാർ, ബഹുമാനപ്പെട്ട വൈദികൻ (റവ.ഫാ.മാത്യു കാലായിൽ - 2006) ബഹു.സിസ്റ്റർ നവ്യാ ജോസ് ഡി.എം (2012) എന്നിവരുടെ ഓർമ്മകൾക്ക് മുൻപിൽ പ്രണാമം.

ഇടവകയുടെ ജൂബിലിയാഘോഷങ്ങൾ 2018 സെപ്റ്റംബർ 1 മുതൽ 8 വരെ തീയതികളിൽ ബഹുമാനപ്പെട്ട സിബി ഒറ്റക്കല്ലിൽ അച്ചന്റെ നേതൃത്വത്തിൽ വിവിധ ആത്മീക പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി. ജൂബിലി ദിവസം പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെ കാർമികത്വത്തിൽ വിശുദ്ധബലിയും പൊതുസമ്മേളനവും നടത്തപ്പെട്ടു. അതിനോടു ചേർന്ന് ജൂബിലി സ്മാരകമായി മൂന്ന് ഭവനങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സംഭാവന നല്കുകയും മറ്റ് ജീവികാരുണ്യപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

2020 കാലഘട്ടത്തിൽ തയ്യിലച്ചന്റെ നേതൃത്വത്തിൽ ദൈവാലയത്തോടും സെമിത്തേരിയോടും ചേർന്നുള്ള ഭാഗം റൂഫിംഗ് നടത്തി. നാളിതുവരെ ഈ ഇടവകയ്ക്കുവേണ്ടി രാപകൽ കഷ്ടപ്പെട്ട എല്ലാ വിശ്വാസികളേയും,

വന്ദ്യ വൈദികശ്രേഷ്ഠരേയും, സിസ്റ്റേഴ്സിനെയും, വിശ്വാസികളേയും, ട്രസ്റ്റിമാർ, സെക്രട്ടറിമാർ, കമ്മറ്റി അംഗങ്ങൾ, മറ്റ് സംഘടനാ ഭാരവാഹികൾ എന്നിവരേയും നന്ദിയോടെ ഓർക്കുന്നു.

ഈ ഇടവകയുടെ വളർച്ചയ്ക്ക് ആത്മീയ നേതൃത്വവും പ്രചോദനവും നൽകുന്ന മോറോൻ മാർ ബസേലിയോസ് കർദ്ദിനാൾ ക്ലിമ്മീസ് കാതോലിക്കാബാവായ്ക്കും ദൈനംദിന കാര്യങ്ങളിൽ നേരിട്ട് ഇടപെട്ട് എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണ നൽകി സഹായിക്കുന്ന അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിനോടും, അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിനോടും, ഇടവക വികാരി ഫാ.വർഗീസ് ഡാനിയേൽ തയ്യിൽ എന്നിവരോടുമുള്ള ഹൃദയം നിറഞ്ഞ നന്ദിയർപ്പിക്കുന്നു.

ഇത്രത്തോളം കൃപ നൽകി ഈ ഇടവകയെ വളർത്തി വലുതാക്കിയ പരമ കാരുണ്യവാനായ ദൈവത്തിന് നന്ദി അർപ്പിച്ചുകൊണ്ട് ഈ ഇടവകയുടെ സ്വർഗീയ മധ്യസ്ഥയായ പരിശുദ്ധ ദൈവമാതാവിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടേയും സകല വിശുദ്ധരുടേയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും മാദ്ധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ട് ഇടവകയുടെ സംക്ഷിപ്ത ചരിത്രം സമർപ്പിച്ചു കൊള്ളുന്നു.

**<u>സേവനമനുഷ്ഠിച്ച വൈദികർ</u>**

1. ഫാ. അഗസ്റ്റിൻ പുലിമുറ്റത്ത് -
2. ഫാ. ജോർജ്ജ് ചരുവിള - 1993-1995
3. ഫാ. ആന്റോ കണ്ണംകുളം - 1998-2001
4. ഫാ. ജോൺസൺ പുതുവേലിൽ - 2002-2003

5. ഫാ. മാത്യു കാലായിൽ - 2003-2006

6. ഫാ. റോബർട്ട് എണ്ണവിള (അസി.വികാരി) - 2003-2006

7. ഫാ. ജോസ് വെണ്മലോട്ട് - 2006-2007

8. ഫാ. തോമസ് കയ്യാലയ്ക്കൽ - 2007-2008

9. ഫാ. ഡാനിയേൽ പുവണ്ണത്തിൽ - 2007-2008

10. ഫാ. ഗീവർഗീസ് ചരിവുവിളയിൽ (ജിനോയി) - 2008-2009

11. ഫാ. ബിനോയി കൊച്ചുകരിക്കത്തിൽ - 2008

12. ഫാ. ഗോഡ് ജോയി (അസി വികാരി) - 2009

13. ഫാ. ഫാ.മാത്യു പുതുപറമ്പിൽ - 2010-2011

14. ഫാ. റോബിൻ മനയ്ക്കലേത്ത് (അസി വികാരി) - 2010-2011

15. ഫാ. ജോസി ചിറയത്ത് - 2011-2013

16. ഫാ. ജോൺ കുറ്റിയിൽ - 2013-2015

17. ഫാ. ബഥേൽ ഡാനിയേൽ (അസി വികാരി) - 2013-2015

18. ഫാ. വർഗീസ് കാലായിൽ വടക്കേതിൽ - 2015-2016

19. ഫാ. തോമസ് ചിറയത്ത് (അസി വികാരി) - 2015

20. ഫാ. സിബി ഒറ്റക്കല്ലിൽ - 2016-2019

21. ഫാ. വർഗീസ് തയ്യിൽ -